

# ബൈബിൾ
# ടച്ച്

# ALMOST FREE!

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 7** **January 1994** **No. 10**


മതപരമായ ഐക്യത്തിന്നു വിഘാതമായി നിൽക്കുന്നതു വ്യക്തി പ്രഭാവമാണ് എന്നതു തർക്കമററ കാര്യമാണ്. സ്വാർത്ഥത എന്നിലും നിങ്ങളിലും ഇല്ലാതെ വരുമ്പോഴേ പൂർണ്ണമായ യോജിപ്പ് സംജാതമാകൂ. ഛിന്നഭിന്നമായ അവസ്ഥ നീക്കം ചെയ്യുവാൻ ഈ പുതുവർഷത്തിലെങ്കിലും ഒന്നു ചിന്തിച്ചു പ്രവർത്തിച്ചുകൂടെ? തടസമായി നിൽക്കുന്നതെന്താണ്? ഓരോരുത്തർക്കു മാത്രമെ ഭൂമിയിൽ അറിവുള്ളു. ദൈവത്തെ വാസ്തവത്തിൽ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ ആത്മാർത്ഥമായ സമീപനം നിങ്ങളുടെ ഹൃദയത്തിൽ നിന്നും ഉണ്ടാകട്ടെ. മനഃസാക്ഷിയുടെ സൂക്ഷിപ്പുകാരൻ നിങ്ങൾ തന്നെയാണ്. അതു ഉപയോഗിക്കേണ്ടതു ഭൗതികമായതും അസ്ഥിരമായവക്കും വേണ്ടിയല്ല; മറിച്ച് സ്ഥിരമായതും ആത്മീയവുമായവക്കായി ഉതകണം. അങ്ങനെയായാൽ നിങ്ങളിൽ ചാരിതാർത്ഥ്യം പൂവണിയും. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പുതുവർഷം ആസ്വദിക്കാൻ ദൈവം നിങ്ങളോടൊപ്പം ഉണ്ടാകും. മറിച്ചൊരു അനുഭവം ഉണ്ടാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എഡിററർ

# കർത്താവിൻെറ ഭവനം

## J C ചോട്ട്

**നാം** ഒരു കുടുംബത്തെ കുറിച്ചു ചിന്തിക്കുമ്പോഴെല്ലാം നമ്മുടേതായ ഭൗതിക ഭവനത്തെയാണ് ഓർമ്മിക്കുക. ഭർത്താവും, ഭാര്യയും, അച്ഛനും, മക്കളും ഉള്ളതായ ഒരു കുടുംബം. ഭർത്താവോ, പിതാവോ ഭവനത്തിലെ തലവൻ ആകുന്നു. ഭാര്യയും അമ്മയും കുട്ടികളും അടങ്ങുന്ന സമൂഹത്തിലുള്ള ഈ വിഭാഗം ആ ഭവനത്തിലെ നായകനു കീഴ്പ്പെട്ടിരിക്കണം കുടുംബാംഗങ്ങളെല്ലാം അവൻെറ പേർ സ്വീകരിക്കുന്നു. ഭൂരിഭാഗം രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണിതു. ഇതിന് ഒഴിവു കഴിവ് ഇല്ല എന്ന് ധരിക്കരുതു.

വീടിൻെറ നൻമക്കുവേണ്ടി കുടുംബാംഗങ്ങൾ മുഴുവൻ തങ്ങളുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കേണ്ടതാണ്. കുട്ടികൾ പ്രായപൂർത്തിയിലെത്തി സ്വയം പര്യാപ്തതയിലെത്തുന്നതുവരെ അവർക്കു വേണ്ടതു നൽകുക, അവരെ നയിക്കുക, അച്ചടക്കത്തിൽ നിലനിർത്തുക, അവരുടെ വളർച്ചക്കു ആവശ്യമായ സഹായങ്ങൾ ചെയ്യുക എന്നിവയെല്ലാം പിതാവും മാതാവും ചെയ്യേണ്ടതാണ്. ഈ കാലയളവിൽ അവർ പരസ്പരം ഒന്നിച്ചും, അന്യോന്യം സ്നേഹിച്ചും എതിരിട്ടും സഹായിച്ചും പോരുന്നു. അക്കാരണത്താൽ അവർ ഐക്യദാർഢ്യമുള്ള ശക്തമായ ഒരു സംഘടനയായി നില കൊള്ളുന്നു. അവർ വസിക്കുന്ന സമൂഹത്തിനും രാജ്യത്തിനും അവർ ഒരു മുതൽക്കൂട്ടു തന്നെയാണ്.

ശക്തമായ ഒരു കുടുംബമാകയാൽ അവർ നേരിടുന്ന പ്രശ്നങ്ങളെ ഒത്തുചേർന്നു അതിജീവിക്കുന്നു. ആരെങ്കിലും ഒരാൾ അവരെ എതിരിട്ടാൽ അവർ ഒരുമിച്ച് അതിനെ പോരാടി ജയിക്കുന്നു. അവർക്കിടയിൽ കുടുംബ

പ്രശ്നങ്ങൾ ഉണ്ടായാൽ അതു അവർ പരസ്പരം ചർച്ച ചെയ്തു പരിഹരിക്കും. അന്യോന്യം ആരെയും വ്യണപ്പെടുത്താതെ മോശമായി ആരെ കുറിച്ചും സംസാരിക്കാതെ അവരുടെ സ്നേഹിതൻമാർക്കെതിരെയും സംസാരിക്കാതെ മാന്യമായ പെരുമാററമുള്ളവരായിരിക്കും. ഒരുത്തൻെറ ന്യൂനതയെ, കഴിവില്ലായ്മയെ പരദൂഷണം പറഞ്ഞു പരത്തുന്ന സ്വഭാവവും അവർ അനുകരിക്കാതിരിക്കുന്നു. ഇതെല്ലാം ഭൗതികമായ ഭവനത്തിൻെറ കെട്ടുറപ്പിനെയാണ് പരാമർശിച്ചതു.

ആത്മീയമായി കർത്താവിന്നു ഒരു കുടുംബമുണ്ട്. പൌലൊസ് എഫെസോസിലുള്ള ക്രിസ്ത്യാനികളോടു പറയുന്നു: ''അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിൻെറ സന്നിധിയിൽ മുട്ടു കുത്തുന്നു (എഫെ. 3:14-15). തിമൊഥെയോസിനു എഴുതുമ്പോൾ പൌലൊസ് സഭയെ പരാമർശിച്ചു പറഞ്ഞതു: ''താമസിച്ചുപോയാലോ സത്യത്തിൻെറ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിൻെറ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു (1 തിമൊഥെയോസ് 3:15). ദൈവ ഭവനത്തെയാണ് ഇവിടെ ആലയം എന്ന വാക്കു കൊണ്ടു അർത്ഥമാക്കുന്നതു. അതു മനസിൽ വെച്ചുകൊണ്ടു എബ്രായ ലേഖനത്തിലെ ഈ വാക്യം വായിക്കുക. ''ക്രിസ്തുവോ അവൻെറ ഭവനത്തിന്നു അധികാരിയായ പുത്രനായിട്ടു തന്നെ, പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ നാം തന്നെ അവൻെറ ഭവനമാകുന്നു (എബ്രായർ 3:6) ലേഖകൻ പറയുന്നതു യഥാർത്ഥത്തിൽ നിങ്ങൾ ഗ്രഹിച്ചുവോ ? ലേഖകനും മററു സഹക്രിസ്ത്യാനികളും കർത്താവിൻെറ ഭവനമാണ്, കർത്താവിൻെറ ആലയമാണ്. ക്രിസ്തു നായകനും അദ്ധ്യക്ഷനുമായ ഒരു ആത്മീയ ഭവനമാണ് ദൈവത്തിൻേറതു.

എന്നാൽ എന്താണ് ഈ ഭവനം എന്നാൽ ? അതു നാം നേരത്തെ വായിച്ചതുപോലെ ജീവനുള്ള ദൈവത്തിന്റെ സഭയാണ്. അതൊരു കുടുംബം അഥവാ സഭയാണ് മറെറാരു ഭാഗത്തു ക്രിസ്തുവിനെ കുറിച്ചു പറയുമ്പോൾ, "സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാററിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:22, 23) എന്നു കാണാം. വീണ്ടും അപ്പൊസ്തലൻ വ്യക്തമാക്കുന്നതു ശ്രദ്ധിക്കുക." ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യയുടെ തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപിച്ചു കൊടുത്തു (എഫെസ്യർ 5:23-27).

ക്രിസ്തുവിനേയും സഭയേയും ഭാര്യയോടും ഭർത്താവിനോടും താരതമ്യം ചെയ്തിരിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. സഭയെ അതിന്റെ തലയായ ക്രിസ്തു സ്നേഹിക്കുന്നതുപോലെ ജഡികരായ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം. അവ്വണ്ണം സഭ കർത്താവിന്നു കീഴ്പ്പെട്ടിരിക്കുന്നതുപോലെ ഭാര്യമാർ തങ്ങളുടെ ഭർത്താക്കൻമാർക്കു വിധേയരായിരിക്കണം.

കർത്താവിന്റെ ഭവനത്തെക്കുറിച്ച് നാം ഇപ്പോൾ ചിന്തിക്കുമ്പോൾ, മനുഷ്യരുടെ ലൗകീക കുടുംബത്തോടു അതിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, ക്രിസ്തു

മണവാളനും സഭ മണവാട്ടിയുമാണ് (യോഹന്നാൻ 3 29; വെളിപ്പാട് 21:2, 9:22; 17). സഭ ക്രിസ്തുവിനാണ് കീഴ്പ്പെട്ടിരിക്കേണ്ടതു. നാമധേയ വിഭാഗങ്ങൾ ക്രിസ്തുവിനെ അവർക്കു കീഴ്പ്പെടുത്തുന്ന രീതിയിലാണ് കാര്യങ്ങൾ നീക്കുന്നതു. അതു ദൈവവിരുദ്ധമായ ഒരു സമീപനമാണ്. സഭ സകലത്തിലും കർത്താവിന് കീഴ്പ്പെട്ടിരിക്കണം. കാരണം അവനാണ് അധികാരി. മക്കൾ ആരാണ്? അവന്റെ സുവിശേഷമെന്ന സത്യവചനം കേട്ട്, വിശ്വസിച്ച് അനുസരിച്ച് ജീവിക്കുന്നവരാണ്. അവരെ കർത്താവ് രക്ഷിച്ച് അവന്റെ സഭയിലേക്കു ചേർക്കുകയും ചെയ്യുന്നു (മർക്കൊസ് 16:16; പ്രവൃത്തി 2:47). കർത്താവിന്റെ രാജ്യമാകുന്ന അവന്റെ ഭവനത്തിലേക്കുള്ള പ്രവേശനം സാദ്ധ്യമാകുന്നതു വെള്ളത്താലും ആത്മാവിനാലുമുള്ള ജനനത്താലാണെന്ന് ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്നു (യോഹന്നാൻ 3:3-5). ക്രിസ്തു യേശുവിലുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററിരിക്കുന്ന നിങ്ങൾ എല്ലാവരും അവനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26, 27).

കർത്താവിന് ഒരു ഭവനം മാത്രമെയുള്ളു. അവൻ തലയാകുന്നതുകൊണ്ട് അംഗങ്ങൾ എല്ലാവരും എന്തു ചെയ്യണമെന്ന നിർദ്ദേശം കൊടുക്കുന്നതു കർത്താവാണ്. കർത്താവിനെ സേവിക്കുന്നതിൽ അവർ എല്ലാവരും ഐക്യതയിൽ കഴിയണം. ഒരു ശരീരത്തിലെ അവയവങ്ങൾ തമ്മിൽ അനൈക്യമോ അഭിപ്രായ വ്യത്യാസമോ ഇല്ലാതെ പ്രവർത്തിക്കുന്നതുപോലെ കർത്താവിന്റെ ശരീരമാകുന്ന സഭയിലെ അവയവങ്ങളായ ഓരോ വ്യക്തിയും വിയോജിപ്പോ ശണ്ഠയോ വെച്ചു പുലർത്താതെ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതാണ് എന്ന് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ പൌലോസ് പ്രബോധിപ്പിക്കുന്നു. ശരീരം ഒന്നും അതിനു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു

ക്രിസ്തുവും. യെഹൂദൻമാരോ, യവനൻമാരോ, ദാസൻമാരോ, സ്വതന്ത്രരോ, നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏററും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരവയവമല്ല, പലതത്രെ. ഞാൻ കൈ അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നു എങ്കിൽ, അതിനാൽ അതു ശരീരത്തിലുള്ളതല്ല എന്നു വരികയില്ല. ഞാൻ കണ്ണു അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ലാ എന്നു ചെവി പറയുന്നുവെങ്കിൽ, അതു ശരീരത്തിലുള്ളതല്ല എന്നു വരികയില്ല. ശരീരം മുഴുവൻ കണ്ണായാൽ ഘ്രാണം എവിടെ ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ ? ദൈവം തന്റെ ശരീരത്തിലെ അവയവങ്ങളെ വെവ്വേറെ വെച്ചിരിക്കുന്നു.

ഇവിടെ പറയുന്ന അവയവങ്ങൾ നാമധേയവിഭാഗങ്ങളാണെന്നു തെററിദ്ധരിക്കരുതു. ചിലർ അങ്ങനെ ധരിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നതു വ്യക്തികളായ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചത്രെ. ഭൗതിക ശരീരത്തിലെ ഏതെങ്കിലും ഒരവയവം പ്രവൃത്തി ചെയ്യുമ്പോൾ മററുള്ളവ സന്തോഷിക്കയോ, അസൂയപ്പെടുകയോ പ്രവർത്തിക്കാത്തവയോടു വിദ്വേഷം പുലർത്തുകയോ ചെയ്യുന്നില്ല മുറുമുറുപ്പോ പകയോ പരസ്പരം പ്രകടിപ്പിക്കാറില്ല. കാരണം അവയെല്ലാം നിയന്ത്രിക്കുന്നതു തലയാണ്. തലക്കു കീഴ്പ്പെടുന്ന അവയവങ്ങൾ തലക്കെതിരായി ശബ്ദമുയർത്തുകയില്ല. കീഴ്പ്പെടുവാനുള്ള മനോഭാവം ഉണ്ടായിരിക്കും. എല്ലാ അവയവങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്ന അതേ രീതി കർത്താവിന്റെ ശരീരമാകുന്ന സഭയിലും ഉണ്ടാകണം. ഏതു ജോലിയായാലും തന്നെ ഏൽപിക്കുന്നതു ചെയ്യുവാൻ ഓരോ അവയവവും എപ്പോഴും സന്നദ്ധരായിരിക്കണം. സഭയുടെ വളർച്ചക്കും നിലനിൽപിനും ഐക്യത വളരെ ആവശ്യമാണ്. ഇതു നാം തിരിച്ചറിഞ്ഞു പ്രവർത്തിക്കണം.

ഭൗതിക ശരീരത്തിലെ എല്ലാ അവയവങ്ങളും യോജിച്ച് ഓരോന്നും ഒരോ പ്രവൃത്തി ചെയ്തു ശരീരത്തിൻെറ നൻമക്കായി വർത്തിക്കുന്നു. അതുപോലെ ആത്മീയ ശരീരമായ സഭയിലെ അംഗങ്ങൾ വിദ്വേഷമേര് കൈപ്പോ പകയോ വെച്ചു കൊണ്ടിരിക്കാതെ ഒരാൾ സന്തോഷിക്കുന്നുവെങ്കിൽ അതിൽ എല്ലാവരും പങ്കു ചേരുക. ഒരാൾ ദുഃഖിക്കുന്നുവെങ്കിൽ അതിൽ മററുള്ളവരും പങ്കു ചേരുക. അങ്ങനെ കൂട്ടായ പ്രവർത്തനവും സഹകരണവും കർത്താവിനു അനേക ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയും.

കർത്താവിൻെറ സഭ എന്നതു ഒരു കുടുംബമായിട്ട് നാം കണ്ടു കഴിഞ്ഞതാണല്ലോ. അതുകൊണ്ടു സഭ അവൻെറ നാമത്തിൽ അറിയപ്പെടണം. വ്യക്തികളായ ഓരോരുത്തരും ക്രിസ്ത്യാനികളായും അറിയപ്പെടണം (പ്രവൃത്തി 11:26; 26:28; 1 പത്രൊസ് 4:16). ഭവനമായിട്ട്, സഭ എന്ന ശരീരം ക്രിസ്തുവിൻെറ സഭയായി അറിയപ്പെടണം (റോമ. 16:16). കുടുംബപേരിൽ അറിയപ്പെടാൻ ആഗ്രഹിക്കാത്തവർ ഏതെങ്കിലും ഭവനത്തിൽ ഉണ്ടെങ്കിൽ അവർ ആ വീട്ടിനു മാന്യത കൽപിക്കാത്തവർ ആണ്. വീട്ടുപേർ ആ വീട്ടിലുള്ളവരെ തിരിച്ചറിയുന്നതിനു വേണ്ടി ഉള്ളതാണു. അതുപോലെ കർത്താവിൻെറ സഭയാകുന്ന ആത്മീയ ഭവനത്തിലെ അംഗങ്ങൾ അവൻെറ നാമത്താൽ അറിയപ്പെടണം. കുടുംബപ്പേരായ കർത്താവിൻെറ പേരിനാൽ വിളിക്കപ്പെടണം എന്നർത്ഥം.

ഭവനത്തിൻെറ തല ക്രിസ്തു ആയിരിക്കെ, അതിലുള്ള ആളുകളെ നിയന്ത്രിക്കുകയും നയിക്കുകയും അവരുടെ ആത്മീയ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കയും ചെയ്യേണ്ട ജോലികൾ നിർദ്ദേശിച്ചുകൊടുക്കയും ചെയ്യേണ്ടതു കർത്താവാണ്. കൂട്ടായ യോജിപ്പുള്ള പ്രവർത്തനത്തിനു അതു കൂടിയേ തീരു. ക്രമംകെട്ടു നടക്കുന്നവരെ ബുദ്ധിയുപദേശിച്ച് അച്ചടക്കത്തിൽ അവരെ വഴി നടത്തേണ്ടതു കുടുംബത്തലവൻ തന്നെ. ''തലയിരിക്കുമ്പോൾ വാൽ ആടരുതു''

എന്നു പറയാറില്ലേ? അതു നാം പഠിക്കണം. തലയെ മാനിക്കുന്ന അവയവങ്ങളായിരിക്കണം ഒരു ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതു. തൻെറ ഇഷ്ടത്തിനു വിപരീതമായി മൽസരിക്കുകയും ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുന്നവരെ പോലും അവർ ശാസിച്ച് ക്രമീകരണമുള്ളവരാക്കി മാററുന്നതു താൻ അവരെ സ്നേഹിക്കകൊണ്ടാണ്. ബാലശിക്ഷയും പഥ്യോപദേശവും ഈ രൂപീകരണത്തിനുവേണ്ടിയിരിക്കുന്നു (എബ്രായർ 12:5-11).

എന്നാൽ കർത്താവിൻെറ സഭ ഇന്നോ? തൻെറ ആത്മീയ സഭയിലെ, ഭവനത്തിലെ അംഗങ്ങളായി പ്രാദേശിക ഇടവകകളിലും ലോകമെമ്പാടും സഭയിൽ വ്യക്തികളായി അസംഖ്യം ആളുകളെ ഇന്നു കാണപ്പെടുന്നുണ്ട്. ക്രിസ്തു തലയായ ഒരേ ഒരു കുടുംബം മാത്രമാണ് കർത്താവിനുള്ളതു നിരവധി അവയവങ്ങളായ വ്യക്തികളും ഉണ്ട്. കുടുംബവും വ്യക്തികളും ക്രിസ്തുവിൻെറ പേരിനാൽ അറിയപ്പെടുന്നു. സഭയിലുള്ളവർ സഹോദരീസഹോദരൻമാരായി പരസ്പരം നാം സ്നേഹിക്കയും സഹായിക്കുകയും കൂട്ടായി പ്രവർത്തിക്കയും സകലവും കർത്താവിനായി യത്നിക്കയും വേണം, അതിനുപകരമായി നാം അന്യോന്യം പോരാടുകയോ മൽസരിക്കുകയോ, കുററപ്പെടുത്തുകയോ, എതിരിടുകയോ ചെയ്യാതിരിക്കുക.

ദൈവേഷ്ടപ്രകാരമുള്ള ആത്മീകവും ഭൗതികവുമായ ഒരു കുടുംബത്തേക്കാൾ മനോഹരമായ മറെറാന്നു ഇല്ല എന്നു തീർത്തു പറയാം. ഈ വീട്ടിൽ ഞാൻ ജനിക്കാതിരുന്നെങ്കിൽ എന്നു പറയുന്നതിനേക്കാൾ നല്ലതല്ലേ ഈ വീട്ടിൽ ജനിച്ചതിൽ ഞാൻ ഭാഗ്യവാനാണ് ഭാഗ്യവതി ആണ് എന്നു പറയുന്നത്? സന്തോഷവും സമാധാനവും അനുഭവിക്കുന്ന യോജിപ്പുള്ള ഒരു നല്ല കുടുംബത്തിലുള്ള വ്യക്തിയാണ് ഞാൻ എന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. അപ്രകാരം കർത്താവിൻെറ സഭയിലെ അംഗമാണ് ഞാൻ എന്നു പറയുവാൻ എനിക്കു സന്തോഷമുണ്ട്. കാരണം ബൈബി

ളിൽ അതു ഒന്നു മാത്രമാണുള്ളതു. നിങ്ങൾ ആ കുടുംബത്തിലെ ഭാഗമായി തീർന്നിട്ടില്ലെങ്കിൽ, കർത്താവിനെ അനുസരിച്ച് ആ സഭയിൽ ജനിച്ചുവരുമ്പോൾ നിങ്ങളെ ക്രിസ്തു തന്നെ അവൻെറ ഭവനത്തോടു ചേർക്കുന്നു. നിങ്ങൾ ഒരിക്കൽ സഭയിൽ ആയി തീർന്നാൽ അപ്പോൾ മുതൽ സഭയെ സഹായിക്കുകയും, വളർന്നു പക്വതയുള്ളവനായി തല യാകുന്ന ക്രിസ്തുവിനു ബഹുമാനം അർപ്പിക്കയും വേണം.

ക്രിസ്തു തൻെറ ഭവനത്തിലെ ആളുകളോടു പറയുമ്പോൾ നൽകുന്ന വാഗ്ദാനം "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ, എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14:1-3).

★

# ആഴ്ചയിൽ ഒരിക്കൽ പോരാ

## W. L. ടുട്ടി

ഈ ജീവിതവും നിത്യജീവിതവും തമ്മിൽ ഉള്ള വ്യത്യാസം മനസിലാക്കുവാൻ യേശു, തൻെറ മലപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു, "അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തുടുക്കും എന്നു ശരീരത്തിനായി

യൊന്നും വിചാരപ്പെടരുതു; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ? ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏററവും വിശേഷതയുള്ളവരല്ലയോ? (മത്താ. 6:25; 26). പിന്നെ 33-ാം വാക്യത്തിൽ കർത്താവു പറയുന്നു: മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. ദൈവം തൻെറ മക്കളെ കുറിച്ചു വിചാരമുള്ളവനാണ്. അവരുടെ ആവശ്യങ്ങൾ നന്നായി അറിവുള്ളതും അവനു തന്നെ.

നാമധേയ വിഭാഗങ്ങളിലുള്ളവർ ചെയ്യുന്നതുപോലെ, സഭയിലെ ചില അംഗങ്ങൾ ഈ ജീവിതത്തിലെ തിരക്കേറിയ കാര്യങ്ങളിൽ വ്യാപൃതരായി, നിത്യജീവനു ഉപകരിക്കുന്ന കാര്യങ്ങളെ അവഗണിക്കുന്നതായി കാണുന്നുണ്ട്. മുമ്പെ ദൈവരാജ്യത്തെയും ദൈവീക കാര്യങ്ങളേയും അന്വേഷിക്കുന്നതിനുപകരം ആളുകൾ ഭൗതികമായവക്കു മുൻഗണന കൊടുക്കുന്നു. അവരുടെ കാഴ്ച്ചപ്പാടിൽ ദൈവരാജ്യം ഏററവും ചെറുതാണ് അല്ലെങ്കിൽ നിസ്സാരമാണ്. കർത്താവിൻെറ സഭയിലെ ഭൂരിഭാഗം ആളുകളും ചിന്തിക്കുന്നതു ഞായറാഴ്ച്ച ആരാധനക്കു പങ്കെടുത്താൽ അവരുടെ ആ ആഴ്ച്ചയിലെ ആത്മീയജീവിതം തീർന്നു എന്നാണ്. ഭൗതികമായ ശരീരത്തിനു ആഴ്ച്ചയിൽ ഒരു നേരത്തെ ആഹാരം കഴിച്ചാൽ മതി എന്നു എത്ര പേർ പറയും? അല്ലെങ്കിൽ ഒരാഴ്ച്ചയിലെ നമ്മുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേററാൻ ആഴ്ച്ചയിൽ ഒരു ദിവസം ജോലി ചെയ്താൽ മതി എന്നു വയ്ക്കാറുണ്ടോ? ആരാധന അൽപമൊന്നു നീണ്ടുപോയാൽ പരാതിപ്പെടുന്ന അംഗങ്ങൾ മററു വിനോദപ്രദമായ കാര്യങ്ങൾക്കോ മററു ഭൗതികമായ ആവശ്യങ്ങൾക്കോ മണിക്കൂറുകളോളം സമയം ചെലവിടും. ദൈവീക കാര്യങ്ങൾക്കു വരുമ്പോഴാണ് ഈ ചിന്ത. ദൈവരാജ്യത്തിനു മുൻഗണന കൊടുക്കുന്നവർ

ഈ ചിന്ത വെച്ചുകൊണ്ടിരിക്കുമോ ? പ്രഥമസ്ഥാനത്തു ദൈവവും അവന്റെ നീതിയും ആയിരിക്കണം വരേണ്ടതു. മററുള്ളതിനെല്ലാം സ്ഥാനം കൊടുക്കേണ്ടതു പിന്നെ.

പക്ഷികളെ പോററുന്നതു ദൈവമാണെന്നു യേശു പറഞ്ഞു. അതിന്റെയർത്ഥം, പക്ഷികൾ ഒരു മരക്കൊമ്പിൽ ഇരുന്നാൽ ദൈവം അവക്കുള്ള ആഹാരം നേരിട്ട് ഇറക്കിക്കൊടുക്കും എന്നല്ല. ആഹാരം അവൻ ലോകത്തിൽ കൊടുത്തിട്ടുണ്ട്. അവ അന്വേഷിച്ചു കണ്ടെത്തി കഴിക്കണമെന്നു മാത്രം. അതുപോലെ തന്നെ നാം കർത്താവിന്റെ ഇഷ്ടപ്രകാരം ഉള്ളവയെ നാം ആദ്യം കരുതുമ്പോൾ നമ്മുടെ ഭൗതികമായ ആവശ്യങ്ങൾ അവൻ നിറവേററും പക്ഷെ നാം അതിനായി അദ്ധ്വാനിക്കണം. ആത്മീയമായ കാര്യങ്ങൾ ആദ്യം അന്വേഷിക്കുന്നതുകൊണ്ട് നാം പ്രവൃത്തിയിൽ നിന്നു മോചിതരാവുന്നില്ല. ദൈവം നൽകുമെന്നുള്ള ആശ്രയം നമുക്കു ഉണ്ടാകണം. "ഞാൻ ബാലനായിരുന്നു, വൃദ്ധനായി തീർന്നു. നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല (സങ്കീർത്തനം 37:25). സഭക്കുവേണ്ടി ചെലവിടുവാൻ സമയമോ പണമോ ഇല്ല എന്നു പറയുന്നവർ ധാരാളം കണ്ടേക്കാം. കാരണം അവരുടെ അധികരിച്ച ഭൗതികമായ ആവശ്യങ്ങളാണ്. ഈ ആളുകൾക്കു പററുന്ന കുഴപ്പം, അവർക്ക് കർത്താവിൽ മതിയാവോളം വിശ്വാസം ഇല്ല എന്നതാണ്. ഇസ്രായേൽ ജനത്തോട് ദൈവം അരുളിച്ചെയ്തതു നാം ഓർമ്മിക്കണം.'' എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ ? എന്നിങ്ങനെ ഇതിനാൽ നിങ്ങൾ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 3:10).

ക്രിസ്ത്യാനികളായ നമ്മോടു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളു തങ്ങൾക്കുള്ളതു ചരതിച്ചുവെച്ച് നൽകുവാൻ പറഞ്ഞിട്ടുണ്ട്. അതു നാം പൂർണ്ണമായ വിശ്വാസത്തിൽ ചെയ്യേണ്ടതാണ്. നമുക്കുള്ളതു കർത്താവിന്റെ സഭക്കു നാം കൊടുക്കുവാൻ മനസ്സു കാണിക്കുമ്പോൾ ദൈവം വാഗ്ദാനം ചെയ്തതു നമുക്കു തരും. പക്ഷെ നാം അതു എത്ര മാത്രം പാലിക്കുന്നുണ്ട്? ദൈവത്തെ നിരാശപ്പെടുത്താതെ നാം പ്രവർത്തിച്ചാൽ ദൈവവും നമ്മെ നിരാശപ്പെടുത്തുകയില്ല. കൊടുത്തുവാങ്ങണമെന്ന തത്വമാണ് ഇതിൽ അടങ്ങിയിരിക്കുന്നതു.

പലരുടേയും സ്വന്തം അഭിരുചിയും സൗകര്യവും നോക്കി ആത്മിയ കാര്യങ്ങളിൽ പങ്കു ചേരുന്നുണ്ട്. ഇതു ആത്മാവിന്റെ ഐക്യബന്ധം നിലനിർത്തിയുള്ള സമീപനമല്ല. ദൈവാത്മാവിന്റെ പ്രചോദനം ഉൾക്കൊള്ളുന്നവർ ഇങ്ങനെ ചിന്തിക്കുകയില്ല. സുവിശേഷം അറിയിക്കുന്നതിലും ഈ നിലപാട് സ്വീകരിച്ചാൽ എന്തായിരിക്കും അനുഭവം? സമയത്തിലും അസമയത്തിലും നാം വചനം ആളുകളോടു അറിയിക്കണം (2തിമൊഥെയോസ് 4:2). ഉത്തരവാദിത്വമുള്ള ഒരു ക്രിസ്ത്യാനിക്കു തന്റെ പ്രവർത്തികളെ പരിഗണിക്കാതിരിക്കാൻ സാദ്ധ്യമല്ല. കുടുംബപരമായ ആവശ്യങ്ങൾ ഓരോരുത്തർക്കും ഉണ്ട് എന്ന കാര്യം മറക്കുന്നില്ല. എന്നാൽ ആദ്യം ചെയ്യേണ്ടതു ആദ്യം ചെയ്യണം. പിന്നീട് ചെയ്യേണ്ടതു പിന്നെ എന്നും കരുതണം. നാം ചെയ്യുന്ന കാര്യങ്ങൾക്കു ഉദ്ദേശിക്കുന്ന ഫലം കിട്ടണമെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കണം.

ബൈബിൾ പഠനങ്ങളും സഭാപരമായ പ്രവർത്തനങ്ങളും എല്ലാവരും ചേർന്നു ചെയ്യണം. നാം അതിനെ മററാരാളുടെ തലയിൽ കെട്ടി വെക്കുന്നതു നല്ലതല്ല, ഒഴിഞ്ഞുമാറുന്ന സ്വഭാവം നിഷേധാത്മകമാണ്. ഏതെങ്കിലും ഒരുദിവസം

(ശേഷം 18-ാം പേജിൽ)

# ഉപദേഷ്ടാവിൻെറ ശ്രേഷ്ഠത യുടെ മൂല്യങ്ങൾ

ജാക്കി. എം. സ്ററിയഴ്സ്മാൻ

വിജയത്തിനുവേണ്ടി വാഞ്ഛരിക്കുന്ന ഒരു മനോഭാവം അല്ലെങ്കിൽ നമ്മുടെ യോഗ്യതയെ മററുള്ളവർ അംഗീകരിക്കണം എന്ന ഒരു ആഗ്രഹം നമ്മിൽ എല്ലാവരിലും ഉണ്ട്. നമ്മുടെ കൂട്ടം വിജയിക്കണം ഞങ്ങളുടെ അദ്ധ്വാനത്തിനു മാന്യമായ പ്രതിഫലം ലഭിക്കണം. നമ്മിലുള്ള താലന്തുകളെ മററുള്ളവർ പ്രശംസിക്കണമെന്ന് നാം ചിന്തിക്കുന്നു. ഇതു ഉപദേഷ്ടാക്കൻമാരെ സംബന്ധിച്ചും വാസ്തവമാണ്. എല്ലാവരും നമ്മുടെ ക്രിയാത്മക പ്രവൃത്തികളുടെ മാഹാത്മ്യം പുകഴ്ത്തപ്പെടണമെന്നു കരുതും. അതല്ലെങ്കിൽ കഴിവുകൾക്കു പററയത്തക്ക ഉത്തേജനം കിട്ടാതെ തളർന്നുപോകും; അവർ പരാജിതരാകുന്നു എന്ന തോന്നൽ അവരെ കീഴ്പ്പെടുത്തികളയും.

## സൂക്ഷ്മതയുള്ള ലക്ഷ്യങ്ങൾ

നിലനിൽക്കുന്ന ലക്ഷ്യങ്ങൾക്കായി ശരിയായ ഒരു പരിശോധന നടത്തേണ്ടതു പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഉപദേശിക്കൽ അല്ലെങ്കിൽ സുവിശേഷീകരണം നടത്തലിന് ഇച്ഛരിക്കുക എന്നതു മഹത്തായ ഒന്നാണ്; അഭിനന്ദനാർഹമാണ്. മാഹാത്മ്യത്തിനുവേണ്ടി കൂടുതൽ ഊർജ്ജം ഉപയോഗിച്ച് പരാജയപ്പെട്ടാലോ ? അപ്പൊസ്തലൻമാരായ യാക്കൊബും യോഹന്നാനും തങ്ങളുടെ അമ്മയോടുകൂടി ഉയർച്ച ആഗ്രഹിച്ചു. പക്ഷെ യജമാനൻ അവരോടു മുന്നറിയിക്കുന്നതായി നമുക്കു കാണാം. അത്തരത്തിലുള്ള ലക്ഷ്യം അവരുടെ സ്വഭാവത്തിൽ ചില കുഴപ്പങ്ങൾ സൃഷ്ടിക്കുമെന്ന കർത്താവിൻെറ മുന്നറിയിക്കൽ ശ്രദ്ധേയമാണ് (മത്താ. 20:20-21). ആത്മാർത്ഥമായ സ്വഭാവമോ നിസ്വാർത്ഥ

മായ സേവനമോ ചെയ്യുന്നതിനു പകരം പരീശൻമാരെപോലെ മനുഷ്യരുടെ കാഴ്ചക്കുവേണ്ടി കാര്യങ്ങൾ ചെയ്യുന്നവരാകരുത് (മത്തായി 23:1-12). അപ്പൊസ്തലനായ പൌലൊസിനെ നാം പരിഗണിക്കുമ്പോൾ അവൻെറ ജീവിതത്തിൽ പ്രാപിച്ച അഭ്യുന്നതിയും വിജയവും തിരുവെഴുത്തിൻ പ്രകാരമുള്ള ലക്ഷ്യബോധം അവനിൽ ഉണ്ടായതുകൊണ്ടാണ്. അവൻെറ മനസിൽ നിന്നും ഉയർന്ന സ്വഭാവത്തിൻെറ പ്രതികരണമായിരുന്നു അവൻെറ പ്രസ്താവനകളിൽ ദൃശ്യമാകുന്നതു. ഉദാഹരണമായി, "എൻെറ കർത്താവായ യേശുക്രിസ്തുവിൻെറ പരിജ്ഞാനത്തിൻെറ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു (ഫിലിപ്പിയർ 3:8). എനിക്കു ജീവിക്കുന്നതു ക്രിസ്തുവും (ഫിലിപ്പിയർ 1:21).

**പക്വത**

പൌലൊസ് കൊരിന്ത്യർക്കു ലേഖനമെഴുതുമ്പോൾ പറയുന്നതു: ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപോലെ സംസാരിച്ചു; ശിശുവിനെപ്പോലെ ചിന്തിച്ചു; ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞു (1 കൊരിന്ത്യർ 13:11). വളർച്ചയുടേയും പുരോഗതിയുടേയും പ്രാധാന്യത്തെ പൌലൊസ് തിരിച്ചറിഞ്ഞു. അവൻ അങ്ങനെ അല്ലായിരുന്നുവെങ്കിൽ മുകളിൽ പറഞ്ഞ വാക്കുകൾ അവനിൽ നിന്നും വരുകയില്ല. ചില ഉപദേഷ്ടാക്കൾ ശിശുക്കളെപ്പോലെയാണ് ശിശുവിനു ശൈശവ വഴിയാണ് ഇഷ്ടം. കുടുംബത്തിൻെറ ആവശ്യകതയെക്കുറിച്ച് ശിശുക്കൾക്കു വിചാരമില്ല. സ്വാർത്ഥതയിൽ നിന്നും ഉടലെടുക്കുന്ന ലക്ഷ്യബോധമേ കുട്ടികളിൽ ഉണ്ടാകു. കുട്ടികളെപ്പോലെ ചിന്തിക്കുന്ന ആളുകളുള്ള ഇടവകയിൽ ആത്മീയ വളർച്ചയോ ആത്മീയ ശക്തിയോ ഉണ്ടാകയില്ല ചില ഉപദേഷ്ടാക്കന്മാർ ആത്മീയമായി വളർന്നിട്ടാവണം അവരുടെ ഉയർച്ചക്കുവേണ്ടിയുള്ള ആത്മാർത്ഥത കാണിക്കേണ്ടതു.

## ധാർമ്മികത്വം

"തൻെറ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിനു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോടു ആലോചിക്കയോ എനിക്കു മുമ്പെ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്കു പോകയോ ചെയ്യാതെ നേരെ അറബിയിലേക്കു പോകയും ദമസ്കൊസിലേക്കു മടങ്ങിപ്പോകയും ചെയ്തു" (ഗലാത്യർ 1:16). തൻെറ ലക്ഷ്യത്തെക്കുറിച്ച് തെററായി ധരിച്ചവരോടു പൌലൊസ് തനിക്കു നേരിടേണ്ടി വന്ന കഷ്ടതകളും പരീക്ഷണങ്ങളും പ്രതിബന്ധങ്ങളും ആണ് എടുത്തു കാണിച്ചതു വ്യർത്ഥമായ ഒന്നിനുവേണ്ടി ആരും കഷ്ടതയേൽക്കുകയില്ല. വെറുതെ ആരും പരിഹാസമോ ഉപദ്രവമോ ഏൽക്കേണ്ടി വരികയില്ല (2 കൊരിന്ത്യർ 1:11). നല്ല പടയാളിയുടെ ദേഹത്തു മുറിപ്പാടുകൾ കാണും. അതുപോലെ കർത്താവിനുവേണ്ടി ആത്മാർത്ഥമായി അദ്ധ്വാനിച്ച പൌലോസിൻെറ ശരീരത്തിൽ ക്രിസ്തുവിൻെറ ചൂടടയാളം ഉണ്ടായിരുന്നു (ഗലാത്യർ 6:17).

## സംതൃപ്തി

താഴ്ച്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു (ഫിലിപ്പിയർ 4:12). പ്രസംഗജീവിതത്തിൽ അഥവാ സുവിശേഷജീവിതത്തിൽ പര്യാപ്തതക്കു നല്ലൊരു പങ്ക് ഉണ്ട് എന്നു പറയാതെ വയ്യ. ചില ഉപദേഷ്ടാക്കൻമാർ തങ്ങളുടെ സത്യസന്ധമായ പ്രക്രിയയിൽ നിന്നും അകന്നുപോകുന്നതും പരാജയമടയുന്നതും ഇതിൻെറ കുറവായിരിക്കും. സമൃദ്ധി ഒരിക്കലും അൽപനു ഐശ്വര്യം ലഭിക്കുന്നതുപോലെ ആകരുതു. അതു നാശമേ വിതക്കു. യേശുക്രിസ്തുവിനെ മനസിലാക്കി അവനെ യജമാനനാ

ക്കിയ ഏതൊരാളും തന്റെ സമൃദ്ധിയിൽ അഹങ്കരിക്കയോ അമിതമായ ഉയർച്ചയിൽ നിന്നും അതിരു കവിഞ്ഞ ഭാഗവും ഉണ്ടാകയില്ല. ലോകത്തിനു വിൽക്കപ്പെട്ട സുവിശേഷകർ ഇത്തരം സന്ദർഭങ്ങളിൽ പ്രാകൃതരായി മാറും. സമൃദ്ധി നിങ്ങളുടെ കണ്ണുകളെ അന്ധമാക്കാതിരിക്കട്ടെ. താഴ്ച്ചയും ദൈവീക സൽഗുണത്തിൽ നിന്നും നമ്മെ പിന്തിരിപ്പിക്കാതിരിക്കണം. വിശപ്പ് ഒരിക്കലും എന്നെ അവന്റെ വഴിയിൽ നിന്നും തിരിയുവാൻ അനുവദിക്കരുതു.

അപ്പൊസ്തലനായ പൌലൊസിന്റെ മൂന്നു പ്രസ്താവന ഇവിടെ സ്മരിക്കുന്നതു നന്നായിരിക്കും. "ഞാൻ കടക്കാരനാണ്. ഞാൻ ലജ്ജിക്കുന്നില്ല ഒരുങ്ങിയിരിക്കുന്നു. സകല മനുഷ്യരോടും ദൈവേഷ്ടം അറിയിക്കുവാനുള്ള കടപ്പാട്, അതിൽ ലജ്ജിക്കാതിരിക്കുക; എപ്പോഴും അതിനായി ഒരുങ്ങിയിരിക്കുക. ത്യാഗ മനോഭാവത്തോടെ, നിബന്ധനകൾ കൂടാതെ ധൈര്യത്തോടെ, പരിഭ്രാന്തരായിരിക്കുന്ന മതപരമായ ആളുകൾക്കിടയിൽ സത്യത്തെ വെളിപ്പെടുത്തുവാൻ ഉപദേഷ്ടാവ് ശ്രമിച്ചാൽ ആ വ്യക്തിയുടെ അദ്ധ്വാനത്തിനു ഫലം ലഭിക്കും.

★

(14-ാം പേജിന്റെ തുടർച്ച)

ഒത്തൊരുമിച്ച് ഏതെങ്കിലും ഒരു ബൈബിൾ ഭാഗത്തെക്കുറിച്ചു ചർച്ചചെയ്യുകയും അതിന്റെ അർത്ഥം എല്ലാവർക്കും പറഞ്ഞുകൊടുക്കയും വേണം. അതുപോലെ മററു പരിചയക്കാരെ അതിൽ പങ്കെടുപ്പിക്കാനും ഓരോരുത്തരും തയ്യാറാകണം. നന്മയാണ് നമ്മുടെ ലക്ഷ്യം. അതു തടഞ്ഞുവെക്കരുതു. ഒഴിവുകിട്ടിയാൽ ആ സമയം ദൈവത്തിന് എന്ന മനോഭാവം നാം തിരുത്തണം. ദൈവകൃപ ആസ്വദിക്കാൻ നമ്മെപ്പോലെ പുറത്തുള്ളവർക്കും അവസരം കിട്ടണമെങ്കിൽ നാം അടങ്ങിയിരുന്നാൽ പററുകയില്ല. കർത്താവിലുള്ള നമ്മുടെ

പ്രയത്നം വ്യർത്ഥമല്ല എന്ന് അറിഞ്ഞാലേ അങ്ങനെ ചെയ്യുവാൻ മനസുവരൂ (1കൊരിന്ത്യർ 15:58). ദൈവവേലയിൽ വർദ്ധിച്ചു വരുവാൻ എല്ലാവരും തീരുമാനിക്കണം. അവനവനു ദൈവം പങ്കിട്ടുകൊടുത്തതുപോലെ വിശ്വാസത്തിന്റെ അളവ് അനുസരിച്ച് പ്രവർത്തിക്കണം. കഴിവുകളെ മൂടിവെച്ച് അതു നഷ്ടപ്പെടുത്തി കളയരുതു.

കിട്ടുന്ന അവസരം നാം നഷ്ടപ്പെടുത്തരുതു. പിന്നീടം അതു നമുക്കു കിട്ടിയില്ലെന്നു വരാം. ഞായറാഴ്ച്ച ആരാധനക്കു വന്നുപോയാൽ മതി എന്ന ധാരണ എല്ലാവരും മാററിയെടുക്കണം. ആരാധനയോടൊപ്പം വേറെ ചെയ്യേണ്ടതായ എല്ലാകാര്യങ്ങളും ഓരോരുത്തരും ഏറെറടുത്തു പ്രവർത്തിക്കണം. രോഗികളെ ശുശ്രൂഷിക്കുന്നതായിരിക്കാം ചെയ്യേണ്ട പ്രവൃത്തി, അതല്ലെങ്കിൽ രോഗികളെ സന്ദർശിക്കുന്നതായിരിക്കാം. ഇതെല്ലാം ആരുടെ പ്രവർത്തിയാണ്? എപ്പോഴാണ് എനിക്ക് ഇതെല്ലാം ചെയ്യാൻ പററുക ? ഞാൻ ആണ് ഇതു ചെയ്യേണ്ടതു. ഏതു സമയവും അതിനായിതിരഞ്ഞെടുക്കാം. വെറും ഒരു ചടങ്ങിനായി മാത്രം ഇതൊന്നും ചെയ്യാതെ ജീവിതത്തിന്റെ ഭാഗമായിട്ട് സ്വാഭാവികമായ ഒന്നായി ചിന്തിച്ച് ചെയ്യണം. ആരാധനയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കണം. ഏകപക്ഷീയമായ നിലപാടിനേക്കാറം ഭൂരിപക്ഷപങ്കാളിത്തം എത്ര അനുഗ്രഹപ്രദമാണ് ? മറെറാരു കാര്യം മനസിലാക്കിയാൽ അതിന്റെ വില നാം തിരിച്ചറിയും. ദിവസം മുഴുവനും ആഴ്ച്ച മുഴുവനും മാസം മുഴുവനും വർഷം മുഴുവനും നാം കർത്താവിനായി ചെലവിട്ടാൽ അതിൽ നിന്നു കിട്ടുന്ന ചാരിതാർത്ഥ്യം വർണ്ണനാതീതമാണ്.

ദൈവത്തോടുള്ള ബന്ധവും കൂട്ടായ്മയും തന്റെ മക്കളോടു എന്നും പുലർത്തുവാനാണ് ദൈവം ആഗ്രഹിക്കുന്നതു. പക്ഷെ മനുഷ്യർ അതിനു സമയപരിധി നിർണ്ണയിച്ചാൽ അതു ദൈവസന്നിധിയിൽ കുററകരമാണ്. ഭൗതിക മാതാപിതാക്കറം തങ്ങളുടെ മക്കറം എന്നും അവരോടൊപ്പം കഴി

യണമെന്ന് ആഗ്രഹിക്കുന്നു; അതിൽ തെററില്ല. ദൈവിക സ്നേഹം എന്നും അനുഭവിക്കാൻ ദൈവസന്നിധിയിൽ എപ്പോഴും നാം ഉണ്ടാകണം. അതുകൊണ്ടു ആഴ്ച്ചവട്ടത്തിന്റെ ഒരു ദിവസം മാത്രം ഒതുങ്ങി നിൽക്കുന്ന ജീവിതമല്ല നമുക്കുണ്ടാകേണ്ടതു; തുറന്ന ജീവിതം. നിരന്തരമായ പ്രവർത്തന നിരതമായ ജീവിതം ഉപകാരപ്രദമാണ്. ഇതിനു ഞാൻ മുൻകൈ എടുക്കണം. ഇന്നു മുതൽ എന്റെ സമയം, ശരീരം, സമ്പത്തു എല്ലാം തന്നെ എപ്പോഴും പ്രവൃത്തിയോൻമുഖമാകും എന്ന തീരുമാനം ഉറപ്പിക്കുക. അങ്ങനെയായാൽ ദൈവത്തെ നാം ദുഃഖിപ്പിക്കുകയില്ല.

ദൈവത്തിന്റെ ലക്ഷ്യം നിറവേററുവാൻ തിരഞ്ഞെടുത്തിരിക്കുന്ന പാത്രങ്ങളാണ് അവന്റെ മക്കൾ. നമ്മുടെ ഭാഗത്തു നിന്നും കർമ്മോൻമുഖമായ സമീപനം ഉണ്ടായെങ്കിലേ അതു സംരക്ഷിക്കപ്പെടുകയുള്ളു. നിങ്ങൾ ദൈവത്തെ അനുസരിച്ച് ജീവിക്കാനും അതു എപ്പോഴും നിലനിൽക്കാനും ദൈവം നിങ്ങൾക്കു ശക്തി പകരട്ടെ ഞങ്ങളുടെ പ്രാർത്ഥനയും പ്രത്യാശയും അതത്രേ.

★

# പ്രവാചകൻ

**J. ഫ്രാൻസിസ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഒരിക്കൽ പ്രവാചകനും ശിഷ്യൻമാരും യോർദ്ദാനിൽ തടി വെട്ടുന്നതിനായി ചെന്നു. തടി വെട്ടിക്കൊണ്ടിരിക്കുമ്പോൾ ഒരു ശിഷ്യന്റെ കോടാലിഊരി വെള്ളത്തിൽ വീണു. അതു എടുക്കുന്നതിനായി എലീശാ ഒരു കോൽ വെട്ടി ഇരു

മ്പു വീണ ഭാഗത്തേക്കു എറിഞ്ഞു. അൽഭുതകരമായി ആ ഇരുമ്പു കോലിനോടുകൂടി പൊങ്ങിവന്നു. അവർ അതു എടുക്കുകയും ചെയ്തു (2 രാജാ. 6:1-7).

അരാം രാജാവ് എലീശായെ പിടിപ്പാൻ തന്റെ സൈന്യത്തെ അയച്ചു. കാരണം തന്റെ യുദ്ധതന്ത്രങ്ങൾ യഹോവയുടെ അരുളപ്പാടുകൊണ്ടു ഇസ്രായേൽ രാജാവിനു വെളിപ്പെടുത്തികൊടുത്തു. ഒരു പ്രഭാതത്തിൽ സൈന്യം എലീശാ താമസിച്ചിരുന്ന പട്ടണം വളഞ്ഞു. അവൻ ഭയപ്പെടാതെ യഹോവയോടു അപേക്ഷിച്ചു. യഹോവ അവന്റെ അപേക്ഷ സ്വീകരിച്ചു. സൈന്യത്തിലെ മുഴുവൻ പേർക്കും അന്ധത ബാധിപ്പിച്ചു. എലീശാ അവരെ ഇസ്രായേൽ രാജാവിന്റെ മുമ്പാകെ നയിച്ചു. രാജാവിനെക്കൊണ്ടു അവരെ സ്വതന്ത്രരാക്കി അവരുടെ രാജ്യത്തിലേക്കു വിടുവിക്കുകയും ചെയ്തു (2 രാജാ. 6:14-23). എന്നാൽ അരാം രാജാവ് ബെൻഹദദ് തന്റെ സൈന്യത്തോടുകൂടി ഇസ്രായേലിനോടു യുദ്ധം ചെയ്യുന്നതിനായി ശമര്യയെ വളഞ്ഞു. അന്നു അവിടെ മഹാക്ഷാമം ഉണ്ടായി. മനുഷ്യർ മനുഷ്യരെ തന്നെ കൊന്നുതിന്നു (2 രാജാ. 6:24-29). ക്ഷാമം അധികരിച്ചപ്പോൾ ഇതെല്ലാം എലീശാ മുഖാന്തിരം സംഭവിക്കുന്നതാണെന്നു തെറ്റിദ്ധരിച്ചു. ഇസ്രായേൽ രാജാവ് അവനെ കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ യഹോവ പ്രവാചകനിലൂടെ അരുളപ്പാടു നൽകി. നാളെ ഈ നേരത്തു ശമര്യയുടെ പടിവാതിൽക്കൽ ശേക്കെലിനു ഒരു സെയാ ഗോതമ്പുമാവും ശേക്കെലിനു രണ്ടു സെയാ യവവും വിൽക്കും. ഇതു കേട്ട രാജാവിന്റെ അകമ്പടി നായകൻ അവനെ പരിഹസിച്ചുകൊണ്ടു പറഞ്ഞു: ''യഹോവ ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാക്കിയാലും ഈ കാര്യം സാധിക്കുമോ'' അതിനു എലീശ പറഞ്ഞ മറുപടി ഇതായിരുന്നു. ''നിന്റെ കണ്ണുകൊണ്ടു നീ അതു കാണും; എങ്കിലും നീ അതിൽ നിന്നു തിന്നുകയില്ല'' പറഞ്ഞിരുന്ന പ്രകാരം അടുത്ത ദിവസം കാര്യങ്ങൾ സംഭവിച്ചപ്പോൾ രാജാവിന്റെ അകമ്പടി നായകൻ ഗോതമ്പു

മാവിനും യവത്തിനുമായി തള്ളിയ ജനത്തിന്റെ ചവിട്ടേററു മരിച്ചു (2 രാജാ. 7:1-3; 20).

ഇസ്രായേൽ ജനം ദൈവത്തിൽ നിന്നും അകന്നപ്പോഠം അവർക്കു വരാനിരുന്ന യുദ്ധങ്ങളെയും കെടുതികളെയും കുറിച്ചു മുന്നറിയിപ്പു നൽകി. ഇസ്രായേൽ ജനത്തിന്റെ ഐശ്വര്യങ്ങഠംക്കായി അവൻ ദൈവത്തോടു പ്രാർത്ഥിച്ചു വിശ്വസ്തത കാണിച്ചുകൊണ്ടു അവൻ ജീവിച്ചു. അവസാനം അവൻ മരിച്ചു (2 രാജാ. 13:20).

(ശേഷം അടുത്ത ലക്കത്തിൽ)

★

# പുകവലിക്കുന്ന എന്റെ സഹോദരൻമാരോട് ഒരു വാക്ക്

**ബെൻ. എഫ്. വിക്ക്**

സഹോദരന്മാരായ നിങ്ങഠം പുകവലി ശീലിച്ചിട്ടുണ്ടോ? ക്രിസ്ത്യാനിയായി തീർന്നശേഷവും ഈ സ്വഭാവം നിങ്ങളെ പിൻ പററുന്നുണ്ടോ? നിങ്ങഠം ഓരോ തവണയും പുകവലിക്കുമ്പോഠം ദൈവത്തിനെതിരായിട്ടാണ് അതു ചെയ്യുന്നതു എന്നു തോന്നിയിട്ടുണ്ടോ? അതു നിങ്ങളുടെ ശരീരത്തെ നശിപ്പിക്കുകയാണ് എന്നു ചിന്തിച്ചിട്ടുണ്ടോ? ആ പ്രവൃത്തി മററുള്ളവർക്കു ഇടർച്ച വരുത്തുന്നതാണ് എന്നു ബോധ്യപ്പെട്ടിട്ടുണ്ടോ? ഒരാഠം എന്തുകൊണ്ട് പുക വലിച്ചു കൂടാ എന്നും; ഒരാഠം അതു തുടരുന്നുവെങ്കിൽ ഉടനെ നിർത്തേണ്ടതു എന്തുകൊണ്ടാണെന്നും ഈ ചെറിയ ലേഖനത്തിലൂടെ വചനപ്രകാരം കാരണങ്ങഠം നിരത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ആധുനിക വൈദ്യശാസ്ത്രവിധിപ്രകാരം പുകവലി അർബുദരോഗത്തിനു കാരണമായി മാറുന്നു. സിഗററോ ബീഡിയോ വലിക്കുന്ന ആളുകളിലാണ് ശ്വാസകോശസംബന്ധമായ കാൻസർ തൊണ്ണൂറു ശതമാനവും ഉണ്ടാകുന്നതു എന്നത്രേ അവരുടെ കണ്ടുപിടിത്തം. കൂടാതെ പുകവലിക്കുന്നവർ തങ്ങളുടെ സാധാരണ ജീവിത ദൈർഘ്യം വെട്ടിചുരുക്കുകയാണ് ചെയ്യുന്നതു. പുക വലിക്കാത്തവരുടേയും പുക വലിക്കുന്നവരുടേയും മരണനിരക്കിനുണ്ടാകുന്ന വ്യത്യാസത്തെ മനസിലാക്കുമ്പോൾ പുക വലിക്കാരിൽ അതു അറുപത്തൊന്നു ശതമാനം ഏറും എന്നതായി കാണുന്നു. നിരന്തരമായി പുക വലിച്ചുകൊണ്ടിരിക്കുന്നവർ നാലോ അഞ്ചോ വർഷം മുൻപ് അവർ മരിക്കേണ്ടിവരുന്നു. ഇതിനുത്തരവാദി ആ വ്യക്തി തന്നെയായിരിക്കും. സ്വയമായി തന്റെ ശരീരത്തേയും ഭൗതിക ജീവനേയും പടി പടിയായി ഇല്ലാതാക്കുന്ന ഒരു ദുശ്ശീലമാണ് പുക വലി.

തങ്ങൾ മററാർക്കു ഒരു ദ്രോഹവും വരുത്തുന്നില്ല എന്നു അവർ വാദിച്ചേക്കാം. എന്നാൽ സത്യവേദപുസ്തകം ഇതിനെ സംബന്ധിച്ച് എന്തു പറയുന്നു? "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കൊരിന്ത്യർ 6:19-20). ദൈവീക ശുശ്രൂഷ ചെയ്യേണ്ട വർഷങ്ങളാണ് നിങ്ങൾ പുകവലിയിൽ നഷ്ടമാക്കുന്നതു എന്നോർമ്മവേണം.

ക്രിസ്ത്യാനികൾ മററുള്ളവർക്കു സ്വാധീന ശക്തി ചെലുത്തേണ്ടവരാകയാൽ അവർ പുക വലിക്കാവുന്നതല്ല. യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നതു: നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാ

തെ പോയാൽ അതിനു എന്തൊന്നുകൊണ്ടു രസം വരുത്താം ? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മററൊന്നിനും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിൻെറ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻ കീഴല്ല തണ്ടിന്മേലത്രെ വെക്കുന്നതു. അപ്പോൾ അതു വീട്ടിലുളള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. നിങ്ങളുടെ മക്കളിലും കൊച്ചു മക്കളിലും നിങ്ങൾക്കുള്ള സ്വാധീനശക്തി എന്താണ് ? നിങ്ങളുടെ ഈ ദുശ്ശീലം അവരും എടുക്കണമെന്നാണോ നിങ്ങൾ വിചാരിക്കുന്നത് ? (മത്താ. 18:6). നിങ്ങളുടെ ബൈബിൾ പ്രബോധകനെ നിങ്ങൾ എന്തു വിചാരിക്കുന്നു ? അദ്ദേഹം പുക വലിക്കുകയാണെങ്കിലോ ? സഭയിലെ മൂപ്പൻമാർ പുക വലിച്ചാലോ ? നിങ്ങളോടൊപ്പം ഉപദേഷ്ടാവ് ഇരുന്നു പുക വലിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ? ഇപ്പോൾ യേശുക്രിസ്തു നിങ്ങളുടെ അടുക്കൽ വന്നാൽ അവൻ നിങ്ങളോടു കൂടെ ഇരുന്നു പുക വലിക്കുമോ ?

ഞങ്ങളെ ക്രിസ്തുവിൻെറ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകൻമാരും എന്നിങ്ങനെ ഓരോരുത്തർ എണ്ണിക്കൊള്ളട്ടെ. ഗൃഹവിചാരകൻമാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്ഥരായിരിക്കേണം എന്നത്രെ. നമ്മുടെ ജീവിതത്തോടു മാത്രമല്ല, നമ്മുടെ പണത്തോടും നാം വിശ്വസ്ഥത പുലർത്തണം. നിഷ്ഫലമായ പുകവലിക്കുവേണ്ടി ഉപയോഗിക്കുന്ന കോടിക്കണക്കിനു രൂപ മറെറന്തെല്ലാം ഉപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാം എന്നു തിരിച്ചറിയുക. സുവിശേഷ പ്രചരണത്തിനും ജീവകാരുണ്യപ്രവർത്തനത്തിനും നിരന്തരമായി ക്ലേശിക്കുകയാണ് ചില സഭകൾ. എന്നാൽ അവിടെ പാഴാക്കി കളയുന്ന സമ്പത്തു കണക്കാക്കിയാൽ എത്ര വേദനാജനകമാ

ണ് അതൊന്നു ബോധ്യമാകും. ഈ ദ്രോഹം നാം ആരോടാണ് ചെയ്യുന്നതു? പലപ്പോഴും ഇതിലൊന്നിലും പ്രാധാന്യം കൽപിക്കാതെ വിട്ടുകളയുകയാണ് ആളുകൾ.

ധാരാളം പേർ പുകവലിക്കു അടിമയായി തീർന്നിട്ടുണ്ട്. ചിലർക്കു ആഹാരത്തിനുശേഷം ഒന്നു വലിച്ചില്ലെങ്കിൽ ഒരു സുഖവുമില്ലാത്ത രീതിയാണ്. ആരാധനക്കോ ബൈബിൾ പഠനത്തിനോ പോകുമ്പോൾ ഒരു പുകയെടുത്തിട്ടുപോയാലേ അവർക്കു ഉൻമേഷം കിട്ടു എന്നതാണ് സ്ഥിതി. എത്ര ലജ്ജാകരമാണെന്നു ഓർത്തുനോക്കു. മററു ചിലർ ഇതു ചെയ്യുന്നതു പരമരഹസ്യമായിട്ടായിരിക്കും. മററാരും അറിയരുതെന്നു കരുതി ചെയ്യുന്നതു ദൈവം അറിയുന്നു എന്ന് അവർ തിരിച്ചറിയാഞ്ഞിട്ടാണോ? പാപം ചെയ്യുന്നവൻ എല്ലാം പാപത്തിൻെറ ദാസൻ ആകുന്നു എന്നു കർത്താവു പഠിപ്പിച്ചിരിക്കുന്നു (യോഹന്നാൻ 8:34). നിങ്ങൾ ദാസൻമാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസൻമാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിൻെറ ദാസൻമാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിൻെറ ദാസൻമാർ തന്നെ (റോമർ 6:16).

അടുത്ത കാലത്തു ഒരു ദമ്പതികൾ ആരാധിക്കുവാനും ഒരുമിച്ച് ദൈവവേല ചെയ്യുവാനും ഒരു ഇടവക അന്വേഷിച്ചുകൊണ്ടിരുന്നു. അവർ കാർ ഓടിച്ച് കാർ പാർക്ക് ചെയ്യുന്ന സ്ഥലത്തു വണ്ടി നിർത്തിയപ്പോൾ ഒരു കാറിനകത്തു ഇരുന്നു കുറെ പേർ പുക വലിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. അതു ഒരു ചർച്ച് ബിൽഡിങ്ങിനു പുറത്തുള്ള സ്ഥലമായിരുന്നു. അവർക്കു അവിടെ ചെന്നു ആരാധിക്കുവാനോ കയറുവാനോ തോന്നിയില്ല. അവർ മടങ്ങിപ്പോയി. അതിനു കാരണക്കാർ ഈ പുകവലിച്ചവരല്ലേ? അവരിൽ ചിലർ സഭയിലെ അംഗങ്ങൾ പോലുമല്ല. ഇതു ഉപദേഷ്ടാവിൻെറ പ്രസംഗത്തിൻെറ കുറവുകൊണ്ടാണോ? അല്ല. ആളുകൾ സ്വയമായി ആ ശീലം മാററുവാൻ ശ്രമിക്കുന്നില്ല.

ഒരു ഉപദേഷ്ടാവിനും ആരെയും നിർബ്ബന്ധിച്ച് ഒന്നും ചെയ്യിക്കാനോ ചെയ്യിക്കാതിരിപ്പാനോ കഴിയുന്നതല്ല. പ്രസംഗിക്കാം, ശാസിക്കാം, ഉപദേശിക്കാം. തങ്ങളുടെ ഈ ദുഷിച്ച പ്രവൃത്തി നിമിത്തം അവർക്കും അവരുടെ പണത്തിനും മാത്രമല്ല ഹാനി വരുത്തുന്നതു; മററുള്ളവരുടെ ആത്മീയ തീഷ്ണതയെ തളർത്തിക്കളയും.

സിഗററേറാ ബീഡിയോ ഉപയോഗിക്കുന്നതു നിർത്തണമെന്നു പറയുവാൻ മറെറാരു കാരണം കൂടെയുണ്ട്. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നെ അവർക്കും ചെയ്‌വിൻ (ലൂക്കൊ. 6:31). എന്നു കർത്താവ് തൻെറ സുവർണ്ണ നിയമത്തിൽ പറഞ്ഞിരിക്കുന്നു. അടുത്തു ഇരുന്നു യാത്ര ചെയ്യുന്നവർ പുകവലിക്കാത്തവരാണോ ? അവർക്കു ഇതു സഹിക്കുമോ എന്നൊന്നും കാര്യമാക്കാതെ പെട്ടെന്നു ഒന്നെടുത്തു തീ കൊളുത്തി വലിക്കുന്ന യാത്രക്കാരെ നിങ്ങൾ കണ്ടിരിക്കുമല്ലൊ. അവർ തള്ളി വിടുന്ന പുക മററുള്ളവർ ശ്വസിക്കണം എന്നു കരുതിയല്ല ചെയ്യുന്നതു; മറിച്ച് തൻെറ സുഖത്തിനുവേണ്ടി മററുള്ളവരെ അസഹ്യപ്പെടുത്തുന്ന ഈ സ്വാർത്ഥതയും നല്ലതല്ല. പുകവലിക്ക് അടിമയായി തീർന്നവർ അടുത്തു വരുമ്പോൾ തന്നെ ഒരു ദുർഗ്ഗന്ധം വമിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. നിങ്ങൾ പുക വലിക്കുന്ന വ്യക്തിയാണെങ്കിൽ ദയവു ചെയ്തു ഇന്നു തന്നെ അതു നിർത്തുക. നിങ്ങളുടെ ഭൗതിക ജീവിതത്തിനും ആത്മീക ജീവിതത്തിനും അതു സുഖവും ശുദ്ധവുമായ ഒരു പ്രവൃത്തിയായി മാറും. ആ സമയവും പണവും ദൈവത്തെ തൃപ്തിപ്പെടുത്തുന്ന ക്രിയാത്മകവും പ്രയോജനവുമുള്ള പ്രവൃത്തിക്കായി വിനിയോഗിക്കുക നിങ്ങൾ പുക വലിക്കാത്ത ആളാണെങ്കിൽ നിങ്ങളുടെ ആത്മാവിൻെറ രക്ഷയും തുടർന്നുള്ള ഫലവും നിങ്ങൾക്കു ലഭിക്കുമാറാകട്ടെ.

★

# നീതിമാനും ദുഷ്ടനും

E. K. തേപ്പുപാറ

അപ്പഴപ്പോഴുള്ള ശാസന കേട്ടാലും,
ദുശാഠ്യമെന്നുമേ കാട്ടുമാറാവുകിൽ,
നീക്കുപോക്കില്ലാതെ പെട്ടെന്നീഭൂമിയിൽ,
നാശമടയുമേ നിശ്ചയം മാനസ്സേ

നീതിമാൻ ഭൂമിയിൽ വർദ്ധിച്ചു കാണുന്ന
തെപ്പോഴും സന്തോഷം ഉല്ലാസം തന്നെയും.
ദുഷ്ടൻെറ ആധിപത്യത്താൽ നടുങ്ങുന്നു.
മാനവരത്രയും ഈ മരുഭൂമിയിൽ.

ജ്ഞാനത്തിലിഷ്ടപ്പെടുന്നവനെന്നുമേ,
അപ്പനെ സന്തോഷമുള്ളവനാക്കുന്നു.
പാപികളോടു നീ സഹവാസം വയ്ക്കുകിൽ,
സമ്പത്തു നാശത്തിലെത്തുമേ മാനസ്സേ.

ദുഷ്കർമ്മി എന്നുമേ തെററിൽ കുടുങ്ങുന്നു,
നീതിമാനെന്നും ജയഘോഷം കൊള്ളുന്നു.
ആശ്രയമററവർക്കെന്നെന്നും നീതിമാൻ,
ഓർത്തുകൊണ്ടെന്നും സഹായം പകരുകിൽ,

ജ്ഞാനമറിയാത്ത ദുഷ്ടമനുഷ്യന്,
ജ്ഞാനമൊരിക്കലും കിട്ടുകില്ലോമലേ,
പരിഹാസിപട്ടണം ചുട്ടെരിച്ചീടുമേ,
ക്രോധം ശമിക്കുവാൻ ജ്ഞാനികളെത്തണം.

വാദപ്രതിവാദം ജ്ഞാനിയും ഭോഷനും,
ചേരുകിലെന്നുമേ നാശം ഭവിച്ചിടും.
ഭോഷൻ ചിരിച്ചാലും കോപം വരികിലും,
എന്നും ശമനമൊന്നുണ്ടാവുകില്ലഹോ.

മൂഢൻതൻ കോപത്തെ വെട്ടപ്പെടുത്തുന്നു,
ജ്ഞാനികൾ കോപത്തെ താനേ അടക്കുന്നു.
കേൾപ്പാൻ തുനിയുകിൽ അധിപതി തന്നെയും,
പ്രത്യൻമാരൊക്കയും ദുഷ്ടൻമാരാകുമേ.

പച്ചനുണയിൽ കുടുങ്ങി കുടുങ്ങി തൻ,
കെട്ടുപോയീടുമേ നിശ്ചയം, നിശ്ചയം.

★

# സഭക്കുവേണ്ടി എനിക്കെന്തു ചെയ്യാൻ കഴിയും?

## ബെററി B. C

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

യേശുക്രിസ്തു യെഹൂദന്മാർക്കിടയിൽ പ്രവർത്തിച്ചിരുന്നപ്പോ ൾ മഗ്ദലക്കാരത്തി മറിയ അവനു ശുശ്രൂഷ ചെയ്തിരുന്നതായി നാം വായിക്കുന്നുണ്ട്; പ്രത്യേകിച്ച് അവൻ ഗലീലയിൽ ആയിരുന്നപ്പോൾ. സേവനം സ്ത്രീയായതുകൊണ്ട് പാടില്ല എന്നോ? ഞങ്ങൾക്കു ഒന്നും ചെയ്വാൻ നിർദ്ദേശിച്ചിട്ടില്ല എന്നോ ചിന്തിക്കേണ്ട ആവശ്യമില്ല. ആദിമ ക്രിസ്ത്യാനികളായിരുന്ന സ്ത്രീകൾ പലവിധ ശുശ്രൂഷകൾ ചെയ്തിട്ടുണ്ട്. അവരാരും അലസരായിരുന്നില്ല. കർത്താവിൻെറ സഭയുടെ വളർച്ചക്കു പുരുഷൻമാരോടൊപ്പം സ്ത്രീകളും പ്രവർത്തിച്ചിട്ടുണ്ട്. സഹോദരിയായ ഒരു സ്ത്രീയോടുകൂടെ നടന്നു സുവിശേഷവേല ചെയ്ത പൌലോസിനെ ആളുകൾ വിമർശിച്ചപ്പോൾ പൌലോസ് ചോദിക്കുന്നതു ശ്രദ്ധേയമാണ്. "ശേഷം അപ്പൊസ്തലൻമാരും കർത്താവിൻെറ സഹോദരൻമാരും കേഫാവും ചെയ്യുന്നതുപോലെ ഭാര്യയായൊരു സഹോദരിയുമായി സഞ്ചരിപ്പാൻ ഞങ്ങൾക്കു അധികാരമില്ലയോ? (1 കൊരി 9:5).

ഒന്നാം നൂററാണ്ടിലെ സ്ത്രീകൾ വളരെ തിരക്കുള്ള സേവകരായിരുന്നു.......അവർക്കു കിട്ടിയ അവസരങ്ങളൊന്നും അവർ പാഴാക്കിയില്ല. ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് കർത്താവിൻെറ സഭയിൽ ഒരു സ്ത്രീക്കു എന്തെല്ലാം ചെയ്വാൻ കഴിയും എന്നതിനെക്കുറിച്ച് ഏതാനും നിർദ്ദേ

ശങ്ങൾ താഴെ കൊടുക്കുന്നു. ഭയവായി അവയെല്ലാം വില യിരുത്തി പരിഗണിക്കുക.

1. ആദ്യമായി നിങ്ങളും നിങ്ങളുടെ കുടുംബാംഗങ്ങ ളും ആരാധനക്കായി സഭയിൽ ഹാജരായിരിക്കണം. അതു ഉപേക്ഷയായി ആരും തള്ളിക്കളയാതിരിക്കണം.

2. നിങ്ങളുടെ കുട്ടികളെ ആത്മീയമായി പരിശീലി പ്പിക്കുന്നതിൽ നിങ്ങൾ പരാജയപ്പെടരുതു. അതായതു നി ങ്ങളുടെ വീട്ടിലെ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ നിങ്ങൾക്കുള്ള ഉത്തരവാദിത്വം നിങ്ങൾ മറന്നു കളയരുതു.

3 ബൈബിൾ പഠനസമയത്തു സ്ത്രീകളേയും കുട്ടി കളേയും തിരുവചനസത്യങ്ങളെ പഠിപ്പിക്കുവാൻ നിങ്ങൾ മുൻകയ്യെടുക്കണം. സ്ത്രീകളായ നമുക്കു സ്ത്രീകളെ പഠിപ്പിക്കാമല്ലൊ. പാട്ടു പഠിപ്പിക്കാനോ പ്രാർത്ഥിപ്പാൻ പഠിപ്പിക്കാനോ, ആർക്കെങ്കിലും എന്തെങ്കിലും സംശയമോ മററോ ഉണ്ടെങ്കിൽ അതു വ്യക്തമാക്കി കൊടുക്കാൻ നിങ്ങൾ തയ്യാറാകണം.

4. കർത്തൃമേശ ഒരുക്കിവെക്കുവാൻ നേരത്തെ വന്ന് സഹായിക്കാവുന്നതാണ്. അതിന് ആരും നിങ്ങളോട് ആവശ്യപ്പെടണമെന്നില്ല. സ്വയമായി വന്നു ചെയ്യാവുന്ന താണ്.

5. ആരാധന കഴിയുമ്പോൾ ഉടനെ സ്ഥലം വിടാതെ സഹോദരിമാരുമായി ആത്മീയകാര്യങ്ങളെ സംസാരിക്കുന്ന തിനു മുൻപ് കർത്തൃമേശ ഒരുക്കുന്ന പാത്രങ്ങൾ കഴുകി വൃത്തിയാക്കാവുന്നതാണ്. അതുപോലെ സഭാകെട്ടിടം വൃത്തിയാക്കാനും വിരികൾ കഴുകാനും മററും ഓരോ സ്ത്രീകളും തയ്യാറാകണം. ഇതെല്ലാം നമ്മുടെ ജോലിയിൽ പെട്ടതാണ് എന്നു കരുതണം.

6. ആരാധനക്കുശേഷം മററു സഹോദരിമാരുമായി ചേർന്ന് ആരാധനാസ്ഥലം ക്രമമായും ചിട്ടയായുമായിട്ടാ ണോ എന്നു പരിശോധിക്കാവുന്നതാണ്.

7. മററു സഹോദരിമാരുമായി സംസാരിച്ച് ആരാധനക്കു വരാതിരിക്കുന്ന സഹോദരികളെ സന്ദർശിക്കുവാനും രോഗികളെ സന്ദർശിക്കുവാനും ദിവസവും സമയവും കണ്ടെത്തി തീരുമാനിക്കണം. സ്ത്രീകൾക്കു മാത്രമായുള്ള പഠനങ്ങൾ ഏർപ്പാടു് ചെയ്യുക. രോഗികളായി കിടക്കുന്നവർക്കു എന്തെങ്കിലും ആഹാരം ഉണ്ടാക്കികൊടുക്കുക, സഭാകൂട്ടായ്മ ഉള്ളപ്പോൾ അംഗങ്ങൾക്കു ആഹാരം ഉണ്ടാക്കികൊടുക്കുക പുറത്തുള്ളവരോടും അയൽക്കാരായ സ്നേഹിതകളോടും വീട്ടിലേക്കു ക്ഷണിക്കുകയും ചായ സൽക്കാരവും മററും നടത്തി അവരെ ബൈബിൾ പഠനത്തിനു പ്രോൽസാഹിപ്പിക്കയും ചെയ്യണം.

8. നിങ്ങളുടെ ഭർത്താവിനോടുകൂടെ ബൈബിൾ പഠനത്തിനു വീടുകളിൽ പോവുകയും അവിടെയുള്ള സ്ത്രീകളേയും കുട്ടികളേയും തിരുവചനകേൾവിക്കായി ഉത്തേജിപ്പിക്കുകയും ചെയ്യുക.

9 അയൽക്കാരായ സ്ത്രീകൾക്കോ കുട്ടികൾക്കോ എന്തെങ്കിലും ആവശ്യം നേരിട്ടാൽ അവരെ സഹായിക്കുവാനായി സമയം കണ്ടെത്തണം. അതു ഭൗതികമോ, വൈകാരികമോ ആത്മീയമോ ആകാം. ഏതിലായാലും നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന സഹായം ചെയ്യുക. സഭയുടെ വളർച്ചക്ക്, സഹോദരങ്ങളേയും പുറത്തുള്ളവരേയും ശുശ്രൂഷിക്കുവാൻ സന്നദ്ധത കാണിക്കണം; വിശ്വാസത്തിൽ നാം വളരണം. സുവിശേഷീകരണത്തിൽ നമ്മുടെ പങ്കാളിത്തം നാം മറക്കരുതു. ദൈവഹിതം നിറവേററുന്നതിൽ നാം ഉദാസീനത കാണിക്കരുതു.

10. നമ്മുടെ കഴിവുകളെ നാം മൂടിവെക്കരുതു. അതു ശരിയായ വിധത്തിൽ ഉപയോഗിക്കണം. ഇല്ലെങ്കിൽ ആ താലന്തു ദൈവം നമ്മിൽ നിന്ന് എടുത്തു മററാർക്കെങ്കിലും കൊടുക്കും എന്ന് ഓർമ്മിക്കുക.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Tuesdays — 9:00 p.m. to 9.15 p.m.
Fridays — 9 00 p m. to 9.15 p.m.

**TELUGU**—The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Tuesdays — 2.00 p.m. to 2.15 p.m.
Thursdays — 2.15 p m. to 2.30 p.m.
Fridays — 2.15 p.m. to 2.30 p.m.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Sundays — 6.45 p m. to 7.00 p.m.
Thursdays — 6.45 p.m. to 7.00 p.m.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.15 p m. to 3.30 p.m.

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 p.m. to 8.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 p.m. to 2.00 p.m.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To